# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1180 — 12.06.14 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>,, സി. കെ. നാണു | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) ഭക്ഷ്യസുരക്ഷാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സർക്കാർ 02.12.2013 ലെ സ.ഉ.(കൈ)നം.53/13/ഭ.പൊ.വി.വ പ്രകാരം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള രൂപരേഖകളും മാർഗ്ഗ നിർദ്ദേശങ്ങളും ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) പ്രസ്തുത നിയമം നടപ്പിലാക്കുമ്പോൾ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾ നേരിടാൻ ഇടയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊ-ള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് പ്രതിവർഷം ലഭിക്കുന്ന അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആണ്. മുൻഗണനാ വിഭാഗങ്ങൾക്ക് വിതരണത്തി നായി ഏകദേശം 10.13 ലക്ഷം മെട്രിക് ടൺ വേണ്ടി വരുന്നു. ബാക്കിയുള്ള ഭക്ഷ്യധാന്യം നിലവിൽ എ.പി.എൽ. വിഭാഗത്തിലുൾപ്പെടുന്ന കാർഡുടമകൾക്ക്കൂടി വിതരണം ചെയ്യുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ അധിക ഭക്ഷ്യധാന്യ അലോട്ട്മെന്റ് കൂടി അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് എല്ലാ കാർഡുടമകളെയും പൊതുവിതരണ ശൃംഖലയിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. കേരളത്തിന്റെ വാർഷിക അലോട്ട്മെന്റ് 16.25 ലക്ഷം ടൺ ആയി ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ